ഉത്തരം

(എ) ഏൽപ്പിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലാകളക്ടറുടെ മേൽനോട്ടത്തിലാണ് പ്രസ്തുത സ്കീം നടപ്പിലാക്കുന്നത്. 1985 ഡിസംബറിൽ അംഗീകരിച്ച ഈ സ്കീം സോയിൽ കൺസർവേഷൻ വകുപ്പിനെകൊണ്ട് നടപ്പാക്കാൻ സാദ്ധ്യമല്ലെന്നുള്ള കളക്ടറുടെ റിപ്പോർട്ടിൻപ്രകാരം പ്രസ്തുത സ്കീം കെ.എൽ.ഡി.സി.യെ ഏൽപ്പിച്ചു.

മണ്ണ് സംരക്ഷണ യൂണിറ്റിലുള്ളവരുടെ കൂലിനിരക്ക്

1289 [1937] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പി.ഡബ്ല്യൂ.ഡി. യിൽ നിലവിലുള്ള കൂലിനിരക്ക് മണ്ണ് സംരക്ഷണ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്കുകൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

സാധാരണയായി മണ്ണ് സംരക്ഷണ ജോലികൾക്കുള്ള കൂലി അനുവദിക്കുന്നത് കൂലിക്കാർ ചെയ്തു തീർക്കുന്ന പണിയുടെ അടിസ്ഥാനത്തിലും പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ നിരക്ക് കണക്കാക്കിയുമാണ്.

കുമ്പളങ്ങി – ചെല്ലാനം പഞ്ചായത്തുകളിലെ പുറംചിറ സംരക്ഷണം

1290 [1938] ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമ്പളങ്ങി – ചെല്ലാനം പഞ്ചായത്തുകളിൽ എത്ര പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണമാണ് ഗവൺമെൻറ് ഏറ്റെടുത്തിട്ടുള്ളത് ;

(ബി) അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) അവയ്ക്കെല്ലാം കൂടി ഈ കഴിഞ്ഞ വർഷം എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രണ്ട്.

(ബി) കണക്കടവ്, മറുവക്കാട് പാടശേഖരങ്ങൾ.

(സി) 1,21,790 രൂപ. കൂടാതെ സ്ഥിരം ബണ്ടിന്റെ ചില ഭാഗങ്ങൾ നിർമ്മിക്കുന്നതിനായി വെള്ളപ്പൊക്കദുരിതാശ്വാസ നിധിയിൽ നിന്നും 27,71,703 രൂപയും ചെലവഴിച്ചു.

മണ്ണു സംരക്ഷണത്തിനുള്ള സബ്സിഡി

1291 [1939] ശ്രീ. സി. കെ. തങ്കപ്പൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട വികസന സ്കീം പ്രകാരം മണ്ണുസംരക്ഷണത്തിന് 90% സബ്സിഡിയും 10% ലോണും അയൽ സംസ്ഥാനങ്ങളിൽ കൊടുക്കുന്നതായി അറിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly